പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1358 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം

ചോദ്യം
ശ്രീ. അബ്ദുൽ ഹമീദ് പി.

ഉത്തരം
തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പെൻഷൻ യഥാസമയം ലഭിക്കുന്നില്ലെന്ന കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിച്ച് സുഗമമായി പെൻഷൻ വിതരണം ചെയ്യുന്നതിനായി 2015 ഏപ്രിൽ 1 മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനും പ്രസ്തുത ഫണ്ടിലേക്ക് കോർപ്പറേഷനും സർക്കാരും തുല്യമായ വിഹിതം നിക്ഷേപിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ആയതിൻ പ്രകാരം പെൻഷൻ തുകയുടെ പകുതി കെ.എസ്.ആർ.ടി.സി ട്രഷറിയിൽ അടച്ച ചലാൻ ഹാജരാക്കുന്ന മുറക്ക് ബാക്കി പകുതി തുക സർക്കാർ അനുവദിച്ച് പോന്നിരുന്നു. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പെൻഷൻ ഫണ്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി.യുടെ വിഹിതം കണ്ടെത്താൻ കഴിയാഞ്ഞതിനാൽ ടി മാസങ്ങളിലെ പെൻഷൻ വിതരണം നടത്താൻ സാധിച്ചിട്ടില്ല.<br>കെ.എസ്.ആർ.ടി.സി.യെ പുന:സംഘടിപ്പി |

| | | | |
|---|---|---|---|
| | | | ക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കു വാൻ കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ.സുശീൽ ഖന്നയെ, സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ റിപ്പോർട്ട് ലഭ്യമായി ആയതിൻ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുമ്പോൾ എല്ലാ മാസവും കൃത്യമായ പെൻഷൻ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ പെൻഷൻ ബാധ്യതയുടെ പകുതി തുക കെ.എസ്.ആർ.ടി.സി.യ്ക്കുള്ള വായ്പയായി അനുവദിച്ച് നൽകുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ കുടിശ്ശികയില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കുടിശ്ശിക ഇല്ലാതെ പെൻഷൻ കൊടുക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ